# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2015-16/162 August 27, 2015

DCM (FNVD) No. 776 /16.01.05/2015-16

എല്ലാ ബാങ്കുകളുടെയും, മേലദ്ധ്യക്ഷന്മാർ / മാനേജിംഗ് ഡയറക്ടർ /

മുഖ്യ എക്സി. ഉദ്യോഗസ്ഥർ.

മാഡം/സർ

## കള്ളനോട്ടു കണ്ടുപിടിക്കൽ

കള്ളനോട്ടു കണ്ടുപിടിക്കുന്നതും അത് റിപ്പോർട്ട് ചെയ്യുന്നതും സംബന്ധിച്ച 2013 ജൂൺ 27 -ലെ DCM (FNVD) No. 5840/16.01.05/2012-13 സർക്കുലർ വായിക്കുക. കള്ളനോട്ട് കണ്ടുപിടിക്കുന്ന കാര്യക്രമം, സർക്കാരുമായി ചർച്ചചെയ്ത്, പുനഃ പരിശോധിച്ചതിൽ റിപ്പോർട്ടിംഗും, റിക്കാർഡുകൾ സൂക്ഷിപ്പ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചില ഭേദഗതികൾ വരുത്തണമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതനുസരിച്ച്, ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റങ്ങൾ താഴെ കൊടുക്കുന്നു.

**2. കണ്ടുപിടിക്കൽ**

(i) ബാങ്ക് കൗണ്ടറിൽ വച്ച്.

കൗണ്ടറിൽ നല്കപ്പെടുന്ന ബാങ്ക് നോട്ടുകൾ, അവയുടെ വിശ്വാസ്യത മെഷീനുകൾ വഴി പരിശോധിക്കുകയും കള്ളനോട്ടെന്നു ബോദ്ധ്യപ്പെട്ടാൽ, 'കള്ളനോട്ട്' എന്ന് മുദ്രവച്ച് **അനക്സ് I** - ൽ പറഞ്ഞിട്ടുള്ളതു പോലെ കണ്ടുകെട്ടുകയും ചെയ്യണം. അങ്ങനെ ലഭിക്കുന്ന ഓരോ നോട്ടും ഒരു പ്രത്യേകാപ്രത്യേക രജിസ്റ്ററിൽ ഒപ്പോടുകൂടി, രേഖപ്പെടുത്തണം.

(ii) ബാക്ക് ഓഫീസിൽ / കറൻസി ചെസ്റ്റിൽ മൊത്തമായി ലഭിക്കുന്നവ.

ബാക്ക് ഓഫീസിലും, കറൻസി ചെസ്റ്റുകളിലും നേരിട്ട് മൊത്തമായി ലഭിക്കുന്ന നോട്ടുകളെ സംബന്ധിച്ച് 2(i) ൽ പറഞ്ഞിരിക്കുന്ന രീതി അനുസരിക്കേണ്ടതാണ്.

3. ബാങ്ക് കൗണ്ടറിലോ, ട്രഷറിയിലോ ഒരു കള്ളനോട്ട് കണ്ടുപിടിക്കപ്പെട്ടാൽ, മുകളിൽ 2–ാം ഖണ്ഡികയിൽ പറഞ്ഞതുപോലെ മുദ്രവയ്ക്കുകയും അതു ഹാജരാക്കിയ വ്യക്തിക്ക് അനക്സ് II – ൽ കൊടുത്തിട്ടുള്ള രൂപത്തിൽ ഒരു രസീത് നല്കേണ്ടതുമാണ്. തുടർ സീരിയൽ നംബരുകളുള്ള ഈ രസീതുകളിൽ ക്യാഷ്യറും, നോട്ട് ഹാജരാക്കിയ ആളും ഒപ്പുവയ്ക്കേണ്ടതാണ്. ഈ വിവരമറിയിക്കുന്ന നോട്ടീസ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ശാഖകളിലും, ഓഫീസുകളിലും സ്പഷ്ടമായി പ്രദർശിപ്പിക്കേണ്ടതാണ്. ഹാജരാക്കിയ ആൾ ഒപ്പുവയ്ക്കാൻ വിസമ്മതിച്ചാലും രസീത് നൽകേണ്ടതാണ്.

4. കൗണ്ടറുകളിലൂടെയോ, ബാക്ക്ഓഫീസ്/കറൻസി ചെസ്റ്റിലൂടെയോ ലഭിക്കുന്ന കള്ളനോട്ടുകൾ ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വച്ച് കൊടുക്കാൻപാടില്ല.

5. ബാങ്കുകളിൽ കള്ളനോട്ടുകൾ കണ്ടുപിടിക്കുന്നതു സംബന്ധിച്ച നടപടികളിൽ ഭേദഗതി ചെയ്തതിനാൽ, നഷ്ടപരിഹാരം, കണ്ടുപിടിക്കാതെ വരുന്ന അവസരത്തിലുള്ള പിഴയീടാക്കൽ എന്നീ കാര്യങ്ങളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

**5.i നഷ്ടപരിഹാരം**

ബാങ്കുകളിലൂടെ ലഭിക്കുന്ന കള്ളനോട്ട് വിജിലൻസ് സെല്ലുകൾ വഴി, കള്ളനോട്ടുകളുടെ മൂല്യത്തിന്റെ 25% നഷ്ടപരിഹാരമായി നേടാമെന്ന രീതി പിൻവലിച്ചിരിക്കുന്നു.

**5.ii പിഴയീടാക്കൽ**

താഴെപ്പറയുന്ന സന്ദർഭങ്ങളിൽ, കള്ളനോട്ടുകളുടെ മൂല്യത്തിന്റെ 100% പിഴയായി ചുമത്തപ്പെടുന്നതാണ്. മൂല്യത്തിന് തുല്യമായ തുക നഷ്ടമായും ഈടാക്കുന്നതാണ്.

a) ബാങ്കുകളിൽ നിന്നും അയക്കുന്ന മുഷിഞ്ഞ നോട്ടുകൾക്കിടയിൽ നിന്നും കള്ളനോട്ടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ.

b) റിസർവ് ബാങ്കിന്റെ പരിശോധനയിലും, ആഡിറ്റു സമയത്തും കറൻസി ചെസ്റ്റുകളിൽ നിന്നും, കള്ള നോട്ടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ.

6.കള്ളനോട്ടുകൾ തിരിച്ചറിയുന്നതിന് വേണ്ടി, കറൻസി നോട്ടുകൾ കൗണ്ടറുകളിൽ കൂടി കൊടുക്കുന്നതിനും ATM – കളിൽ നിറയ്ക്കുന്നതിനും മുൻപ് നടത്തേണ്ട പരിശോധന, പോലീസിനേയും മറ്റധികാരികളെയും അറിയിക്കുന്നത്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് എന്നിവയെ സംബന്ധിച്ച് നല്കിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് മാറ്റമില്ല.

7. ഈ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

വിശ്വാസപൂർവ്വം

(ഉമാശങ്കർ)
പ്രിൻസിപ്പൽ ചീഫ് ജനറൽ മാനേജർ
Encl. മുകളിൽ പറഞ്ഞിട്ടുള്ളവ.

അനക്സ് – I

## കണ്ടുകെട്ടുമ്പോൾ പതിക്കേണ്ട മുദ്രയുടെ മാതൃക

5 സെ.മീ x 5 സെ.മീ. വലിപ്പത്തിൽ, ഒരേപോലെയുള്ളതും താഴെ കാണിച്ചിരിക്കുന്ന മുദ്രണമുള്ളതുമായ, സീൽ ഉപയോഗിക്കേണ്ടതാണ്.

**COUNTERFEIT BANKNOTE IMPOUNDED**

ബാങ്ക് / ട്രഷറി / സബ്-ട്രഷറി.

ശാഖ

ഒപ്പ്

തീയതി

അനക്സ് – II

**കള്ളനോട്ട് നല്കുന്ന ആൾക്ക് നല്കേണ്ട രസീതിന്റെ മാതൃക.**

പേര് : ബാങ്ക് / ട്രഷറി / സബ്-ട്രഷറി.
മേൽവിലാസം.

രസീതിന്റെ തുടർനമ്പർ
തീയതി.

______________________________(നല്കിയ ആളിന്റെ പേരും, മേൽവിലാസവും) – ൽ നിന്നും കിട്ടിയ, താഴെ വിവരിച്ചിരിക്കുന്ന നോട്ട് / നോട്ടുകൾ, കള്ളനോട്ട് / കള്ളനോട്ടുകൾ എന്ന് കണ്ട് പിടിച്ചെടുക്കുകയും അപ്രകാരം മുദ്രവച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

| കള്ളനോട്ടെന്ന് കണ്ട നോട്ടിന്റെ നമ്പർ | ഗണം (ഡിനോമിനേഷൻ) | കള്ളനോട്ടെന്ന് തിരിച്ചറിഞ്ഞതെങ്ങനെ എന്ന്. |
|---|---|---|
| | | |

കള്ളനോട്ടുകളുടെ ആകെ എണ്ണം

(തന്നയാളിന്റെ ഒപ്പ്) (കൗണ്ടർ സ്റ്റാഫിന്റെ ഒപ്പ്)